LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം

3 (988) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും ഏകോപിപ്പിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഓൺലൈൻ സംവിധാനം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും ഏകോപിപ്പിക്കുക എന്നതിന്റെ ആദ്യപടിയായി Agriculture Information Management System (AIMS) എന്ന പേരിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച്ചുവരുന്നു. പ്രകൃതിദുരന്തം കാരണമുണ്ടായ വിളനാശങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം, നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകൽ, നെൽ വയലുടമകൾക്കുള്ള റോയൽറ്റി, കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി എന്നീ പദ്ധതികളിലെ സേവനങ്ങൾ കർഷകരുടെ അപേക്ഷമുതൽ ആനുകൂല്യ വിതരണംവരെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിൽ നടന്നുവരുന്നു. നിലവിൽ ഓൺലൈൻ ആക്കപ്പെട്ട സേവനങ്ങൾ AIMS പോർട്ടലിനുകീഴിൽ കർഷകർക്ക് ഏതുസമയത്തും ലഭ്യമാണ്. കർഷകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷയുടെ തൽസ്ഥിതിവിവരം അറിയുന്നതിനുമുള്ള സംവിധാനം, ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ പേപ്പർ രഹിതമായി ഓൺലൈനിൽത്തന്നെ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം, കേന്ദ്രീകൃത ഡി. ബി. റ്റി. സംവിധാനംവഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം എന്നിവ ഇതിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ വളരെ വേഗത്തിലും സുതാര്യതയിലും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറാനാകും. കൃഷിഭവനിലൂടെ നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും ഓൺലൈൻ സേവനങ്ങളാക്കി മാറ്റുക, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഓൺലൈൻ പോർട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

വഴിയോ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കുക, കർഷകർക്ക് നടീൽ വസ്തുക്കളുടെ ലഭ്യത, വിവിധ കാർഷിക മുറകൾ സംബന്ധിച്ച വിവരങ്ങൾ, ജൈവ-രാസകീടനാശിനി പ്രയോഗങ്ങളുടെ രീതി തുടങ്ങിയ കാർഷിക വിവരങ്ങൾ കർഷകർക്ക് ഓൺലൈനായി നൽകുന്നതിനുള്ള ഡിജിറ്റൽ ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ AIMS എന്ന സംവിധാനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വയനാട് പോലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷി പരിപാലിക്കുന്നതിനും മണ്ണിന്റെ സ്വഭാവത്തിന് അനുസൃതമായ കൃഷി കണ്ടെത്തുന്നതിനും കോൾഡ് സ്റ്റോറേജ്, മാർക്കറ്റിംഗ് എന്നിവ ഏകോപിപ്പിക്കുന്നതിനുംവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ - സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തുവരുന്നു. ഈ പദ്ധതി വയനാട് ജില്ലയിലും നടപ്പിലാക്കുന്നുണ്ട്. പദ്ധതിപ്രകാരം മണ്ണ് പരിശോധനാശാലകളിൽ മണ്ണിന്റെ അമ്ലത (പി.എച്ച്.), വൈദ്യുത ചാലകത (ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി), ജൈവ കാർബണിന്റെ അളവ് (ഓർഗാനിക് കാർബൺ), ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മമൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു. ഓരോ പ്രദേശത്തെയും മണ്ണിന്റെ സ്വഭാവം അനുസരിച്ചുള്ള വിളകളും കർഷകർക്ക് ശിപാർശ ചെയ്യുന്നുണ്ട്. കേരളത്തിലെ മുഴുവൻ മാർക്കറ്റുകളെയും കോർത്തിണക്കി ഓൺലൈൻ വിപണനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയുടെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കിഫ്ബിയുടെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.